REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-01-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 77-ാമത് രക്തസാക്ഷിത്വ ദിനത്തിൽ രാഷ്ട്രം മഹാത്മാവിന് ആദരാഞ്ജലി അർപ്പിക്കുന്നു. രാജ്ഘട്ടിലെ ഗാന്ധി സമാധിയിൽ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ലോക് സഭ പ്രതിപക്ഷനേതാവും ഉൾപ്പെടെ പുഷ്പചക്രം അർപ്പിച്ചു.
- പാർലമെന്റ് ബജറ്റ് സമ്മേളനം ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യുന്നതോടെ നാളെ ആരംഭിക്കും. ഗവൺമെന്റ് വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു.
- പൊതു ബജറ്റ് മറ്റന്നാൾ.
- ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന് പരസ്യപ്രചാരണം അവസാനിക്കാൻ അഞ്ച് നാൾ മാത്രം ബാക്കി നിൽക്കെ രാഷ്ട്രീയ പോരാട്ടം ശക്തമായി.
- ഒയാസിസ് കമ്പനിക്കു വേണ്ടി മാത്രമാണ് ഗവൺമെന്റ് മദ്യനയം മാറ്റിയതെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.
- സംസ്ഥാനത്ത് IAS തലപ്പത്ത് മാറ്റം.
- ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ FCയെ നേരിടും.

## വാർത്തകൾ വിശദമായി

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 77-ാമത് രക്തസാക്ഷിത്വ ദിനത്തിൽ രാഷ്ട്രം മഹാത്മാവിന് ആദരാഞ്ജലി അർപ്പിക്കുന്നു. രാവിലെ ന്യൂഡൽഹിയിലെ രാജ്ഘട്ടിലെ ഗാന്ധി സമാധിയിൽ സർവ-ധർമ്മ പ്രാർത്ഥന നടന്നു. രാഷ്ട്രപതി ദ്രൗപതി മുർമു മഹാത്മാഗാന്ധി സമാധിയിൽ പുഷ്പചക്രം അർപ്പിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്.........

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവരും മഹാത്മാഗാന്ധി സ്മാരകത്തിൽ പുഷ്പാർച്ചന നടത്തി. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, മനോഹർ ലാൽ ഖട്ടാർ, മൂന്ന് സേനകളുടെയും മേധാവികൾ, സംയുക്ത സേനാ മേധാവി എന്നിവരും പങ്കെടുത്തു.

എല്ലാ വർഷവും ജനുവരി 30-ന്, ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന്റെ വഴികാട്ടിയായിരുന്ന മഹാത്മാഗാന്ധിയുടെ ജീവിതത്തെയും പൈതൃകത്തെയും രാഷ്ട്രം ആദരിക്കുന്നു. ഈ ദിവസം രക്തസാക്ഷി ദിനം ഷഹീദ് ദിവസ് ആയും ആചരിക്കുന്നു, ഇത് സ്വാതന്ത്ര്യത്തിന് വേണ്ടി നടത്തിയ അഗാധമായ ത്യാഗങ്ങളുടെ പ്രതിഫലനത്തിന്റെ നിമിഷത്തെ അടയാളപ്പെടുത്തുന്നു.

സത്യത്തിലും അഹിംസയിലൂമൂന്നിയ നിലപാടിൽ അടിയുറച്ച് ബ്രിട്ടീഷ് അധിനിവേശത്തിൽ നിന്ന് രാജ്യത്തെ മുക്തമാക്കിയ മഹാത്മാഗാന്ധി 1948 ജനുവരി 30നാണ് വെടിയേറ്റു കൊല്ലപ്പെട്ടത്.

സംസ്ഥാനത്ത് രാവിലെ 11 മുതൽ രണ്ട് മിനിറ്റ് മൗനമാചരിച്ചു.

✪✪✪

മഹാത്മാഗാന്ധിയുടെ ചരമവാർഷിക ദിനത്തിൽ പ്രധാന മന്ത്രി നരേന്ദ്രമോദി അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു. വികസിത ഇന്ത്യ കെട്ടിപ്പടുക്കാൻ മഹാത്മാഗാന്ധിയുടെ ആദർശങ്ങൾ രാജ്യത്തെ ജനങ്ങളെ പ്രേരിപ്പിക്കുന്നുവെന്ന് മോദി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. രാഷ്ട്രത്തിനുവേണ്ടി രക്തസാക്ഷികളായ എല്ലാവർക്കും പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിക്കുകയും അവരുടെ സേവനവും ത്യാഗവും അനുസ്മരിക്കുകയും ചെയ്തു.

✪✪✪

രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച്, “മഹാത്മാ ഗാന്ധിയുടെ യാത്ര: അദ്ദേഹത്തിന്റെ സ്വന്തം രേഖകളിലൂടെ” എന്ന പേരിൽ പ്രത്യേക പ്രദർശനം ഇന്ന് രാജ്ഘട്ടിലെ ദേശീയ ഗാന്ധി മ്യൂസിയത്തിൽ ഉദ്ഘാടനം ചെയ്യും.

നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യയും, നാഷണൽ ഗാന്ധി മ്യൂസിയവും, നാഷണൽ ഫിലിം ആർക്കൈവ്സ് ഓഫ് ഇന്ത്യ, പ്രസാർ ഭാരതി ആർക്കൈവ്സ് എന്നിവയുമായി സഹകരിച്ചാണ് പ്രദർശനം സംഘടിപ്പിക്കുന്നത്. അപൂർവ ഫോട്ടോഗ്രാഫുകൾ, ഔദ്യോഗിക രേഖകൾ, ഓഡിയോ റെക്കോർഡിംഗുകൾ, വീഡിയോ ക്ലിപ്പിംഗുകൾ, മഹാത്മാഗാന്ധിയുടെ വ്യക്തിപരമായ കത്തിടപാടുകൾ എന്നിവ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

ഗാന്ധിയൻ ആശയങ്ങൾ കൂടുതൽ പ്രചരിപ്പിക്കാൻ മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിത്വദിനമായ ഇന്നുമുതൽ വാർഡ് തലത്തിൽ ഒരുമാസം നീണ്ടു നിൽക്കുന്ന മഹാത്മാഗാന്ധി കുടുംബസംഗമങ്ങൾക്ക് സംസ്ഥാനത്ത് കോൺഗ്രസ് തുടക്കം കുറിക്കും.

24,000ലധികം വാർഡ് കമ്മിറ്റികളിലെ പ്രസിഡന്റുമാരുടെ അധ്യക്ഷതയിലാണ് കുടുംബസംഗമങ്ങൾ നടത്തുക.

✪✪✪

പാർലമെന്റ് ബജറ്റ് സമ്മേളനം നാളെ ആരംഭിക്കും. ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി ദ്രൗപതി മുർമു അഭിസംബോധന ചെയ്യുന്നതോടെയാണ് ബജറ്റ് സമ്മേളനം ആരംഭിക്കുക.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്.........

ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷി യോഗം ന്യൂഡൽഹിയിൽ പുരോഗമിക്കുന്നു. കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, ജെപി നദ്ദ, കിരൺ റിജിജു, കോൺഗ്രസിൽ നിന്ന് ജയറാം രമേഷ്, ഗൗരവ് ഗൊഗോയ്, TMCയിലെ സുദീപ് ബന്ദ്യോപാധ്യായ, സമാജ്‌വാദി പാർട്ടിയിലെ രാം ഗോപാൽ യാദവ്, BJD എംപി സസ്മിത് പത്ര, DMK എംപി ടി.ആർ. ബാലു തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. പാർലമെന്റ് സമ്മേളനത്തിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം യോഗത്തിൽ ഗവൺമെന്റ് തേടും.

സാമ്പത്തിക സർവേ രാഷ്ട്രപതിയുടെ പ്രസംഗത്തിന് ശേഷം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ നാളെ ലോകസഭയുടെ മേശപ്പുറത്ത് വയ്ക്കും. അടുത്ത

സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് മറ്റന്നാൾ ധനമന്ത്രി ലോകസഭയിൽ അവതരിപ്പിക്കും. തിങ്കളാഴ്ച രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ലോക്സഭയും രാജ്യസഭയും നന്ദി പ്രമേയം ചർച്ച ചെയ്യും. ബജറ്റ് സമ്മേളനത്തിന്റെ ആദ്യഭാഗം ഫെബ്രുവരി 13 വരെയാണ്. രണ്ടാം പാദം മാർച്ച് 10 മുതൽ ഏപ്രിൽ 4 വരെ നടക്കും.

✪✪✪

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന് പരസ്യപ്രചാരണം അവസാനിക്കാൻ അഞ്ച് നാൾ മാത്രം ബാക്കി നിൽക്കെ രാഷ്ട്രീയ പോരാട്ടം ശക്തമായി. തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നൽകി വോട്ടർമാരെ സ്വാധീനിക്കാൻ BJPയും ആം ആദ്മി പാർട്ടിയും കോൺഗ്രസും മത്സരിക്കുകയാണ്. പ്രമുഖ നേതാക്കൾ റാലികളിലൂടെയും റോഡ്ഷോകളിലൂടെയും വീടു കയറി പ്രചാരണങ്ങളിലൂടെയും വോട്ടർമാരുടെ പിന്തുണ ഉറപ്പാക്കി വരുന്നു.

ഗോണ്ട നിയോജക മണ്ഡലത്തിലെ കർത്താർ നഗറിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്ത മുതിർന്ന BJP നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ആം ആദ്മി പാർട്ടി ഡൽഹി നിവാസികൾക്ക് തെറ്റായ വാഗ്ദാനങ്ങൾ നൽകുകയാണെന്ന് ആരോപിച്ചു. സൗജന്യ ആരോഗ്യ ഇൻഷുറൻസ് ഉൾപ്പെടെ നിരവധി വാഗ്ദാനവുമായി കോൺഗ്രസ് തിരഞ്ഞെടുപ്പ് പ്രകടന പത്രിക പുറത്തിറക്കി. ആം ആദ്മി പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാൾ ബാദ്‌ലി, തിമർപൂർ പ്രദേശങ്ങളിൽ പൊതു റാലിയെ അഭിസംബോധന ചെയ്തു,

അടുത്ത ബുധനാഴ്ചയാണ് ഡൽഹിയിൽ വോട്ടെടുപ്പ്.

✪✪✪

യമുന നദിയിൽ ഹരിയാന ഗവൺമെന്റ് വിഷം കലർത്തിയെന്ന ആരോപണത്തിൽ നൽകിയ നോട്ടീസിന് നാളെ രാവിലെയോടെ വ്യക്തവും കൃത്യവുമായ മറുപടി സമർപ്പിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ AAP കൺവീനർ അരവിന്ദ് കെജ്‌രിവാളിന് നിർദേശം നൽകി. ആരോപണത്തെ സാധൂകരിക്കുന്ന തെളിവുകൾ ഹാജരാക്കാനാണ് നിർദേശം. ആരോപിക്കപ്പെടുന്ന വിഷം എവിടെയാണ് കണ്ടെത്തി യതെന്നും ഡൽഹി ജൽബോർഡിലെ ഏത് എഞ്ചിനീയർ മാരാണ് ഇത് കണ്ടെത്തിയതെന്നും എന്ത് രീതിയാണ് സ്വീകരിച്ചതെന്നും അറിയാനും തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

എലപ്പുള്ളിയിലെ ബ്രൂവറിയിൽ തീരുമാനമെടുത്തത് മുഖ്യമന്ത്രിയും MB രാജേഷും മാത്രം അറിഞ്ഞെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ ആവർത്തിച്ചു. താൻ പുറത്തുവിട്ട രേഖ വ്യാജമെന്ന് ഗവണ്മെന്റ് പറഞ്ഞിട്ടില്ലെന്നും ഒയാസിസ് കമ്പനിക്കു വേണ്ടി മാത്രമാണ് ഗവണ്മെന്റ് മദ്യനയം മാറ്റിയതെന്നും അദ്ദേഹം നിലമ്പൂരിൽ വാർത്താ സമ്മേളനത്തിൽ ആരോപിച്ചു . മദ്യ നയം മാറും മുൻപ് സ്ഥലം വാങ്ങിയ കമ്പനി മദ്യനയം മാറും എന്ന് എങ്ങനെ അറിഞ്ഞുവെന്ന് അദ്ദേഹം ചോദിച്ചു. പാലക്കാട് വലിയ ജലക്ഷാമം ഉണ്ടാവും. ജലക്ഷാമം കൊണ്ട് പല പദ്ധതികളും ഉപേക്ഷിക്കേണ്ടി വന്നുവെന്ന് MPയായിരിക്കെ പറഞ്ഞ ആളാണ് മന്ത്രി MB.രാജേഷെന്നും സതീശൻ പറഞ്ഞു. അരിയാണ് സ്പിരിറ്റുണ്ടാക്കാൻ പദ്ധതിയിൽ ഉപയോഗിക്കുക. ഇത് CPIM കേന്ദ്രനയത്തിനും എതിരാണ്.ഇത് വരെ കമ്പനി പ്രതികരിച്ചിട്ടില്ല. അവർക്ക് വേണ്ടി വീറോടെ വാദിക്കുന്നത് എക്സൈസ് മന്ത്രി ആണെന്നും പദ്ധതിക്ക് GST ഇല്ല എന്ന് മന്ത്രി മനസിലാക്കണമെന്നും സതീശൻ പറഞ്ഞു. 210 കോടി GST നഷ്ടമെന്നത് തെറ്റായ പ്രചാരണം ആണെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

എലപ്പുള്ളി മദ്യനിർമ്മാണ കമ്പനിക്ക് അനുമതി നൽകിയതിലെ അഴിമതി CBI അന്വേഷിക്കണമെന്ന് VK ശ്രീകണ്ഠൻ MP ആവശ്യപ്പെട്ടു. മന്ത്രി MB രാജേഷും ഭാര്യസഹേദരനും കമ്പനിയുമായി ചർച്ച നടത്തിയെന്നും മുഖ്യമന്തിയെ തെറ്റിദ്ധരിപ്പിച്ചെന്നും അദ്ദേഹം നിലമ്പൂരിൽ പറഞ്ഞു. മുപ്പത് വർഷം പഴക്കമുള്ള മദ്യനയം മാറ്റിയത് അഴിമതിയാണ്. 2022ൽ ഒയാസിസിന് അനുമതി നിഷേധിച്ചു. പിന്നീട് ഒയാസിസിന് വേണ്ടി മദ്യനയത്തിൽ തന്നെ മാറ്റം വരുത്തി അനുമതി നൽകിയെന്നും ശ്രീകണ്ഠൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് IAS തലപ്പത്ത് മാറ്റം. കൃഷി ഡയറക്ടറായിരുന്ന അദീലാ അബ്ദുള്ളയെ സാമൂഹ്യനീതി സ്പെഷ്യൽ സെക്രട്ടറിയായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ CMD പി ബി നൂഹിനെ ഗതാഗത സ്പെഷ്യൽ സെക്രട്ടറിയായും നിയമിച്ചു. എറണാകുളം ജില്ലാ വികസന കമ്മീഷണർ ഡോ. അശ്വതി ശ്രീനിവാസാണ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുതിയ CMD.

ധന വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീറാം വെങ്കിട്ടരാമനെ കൃഷി ഡയറക്ടറായി നിയമിച്ചു. മുഹമ്മദ് ഷഫീഖ് സിവിൽ സപ്ലൈസ് കമ്മീഷണറാകും. ഫിഷറീസ് ഡയറക്ടർ Bഅബ്ദുൽ നാസറിനെ കായിക യുവജന കാര്യ സ്പെഷ്യൽ സെക്രട്ടറിയായി നിയമിച്ചു. പൊതുമരാമത്ത് അഡിഷണൽ സെക്രട്ടറി A ഷിബുവിനെ സ്റ്റേറ്റ് പോട്ടറി മാനുഫാക്ചറിങ് മാർക്കറ്റിംഗ് വെൽഫെയർ ഡെവലപ്മെന്റ് കോർപറേഷൻ M D യായും നിയമിച്ചു. കോളേജ് വിദ്യാഭാസ

ഡയറക്ടർ K സുധീറിന് ന്യൂന പക്ഷ ക്ഷേമ ഡയറക്ടരുടെ അധിക ചുമതല നൽകി.

✪✪✪

ഗവേഷണങ്ങളിൽ അന്താരാഷ്ട്രനിലവാരത്തോടെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴി രണ്ട് മികവിന്റെ കേന്ദ്രങ്ങൾക്ക് ഇന്ന് തുടക്കമാകുമെന്ന് മന്ത്രി ഡോ. R ബിന്ദു തിരുവനന്തപുരത്ത് അറിയിച്ചു. കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷനും സെന്റർ ഓഫ് എക്സലൻസ് ഇൻ ടീച്ചിംഗ് ലേണിംഗ് ആൻഡ് ട്രെയിനിംഗും ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആസ്ഥാനമായ ശാസ്ത്ര സാങ്കേതിക മ്യൂസിയം സമുച്ചയത്തിൽ ഉച്ച കഴിഞ്ഞ് ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ ആറളം പഞ്ചായത്തിലെ ചതിരൂരിൽ കണ്ടെത്തിയ വന്യമൃഗം പുലിയാണെന്ന് വനം വകുപ്പ് സ്ഥിരീകരിച്ചു. പുലിയുടെ സാന്നിധ്യം ക്യാമറയിൽ പതിഞ്ഞതായാണ് വിവരം. കടുവയാണെന്ന് പ്രദേശ വാസികൾ ആശങ്കപ്പെട്ടിരുന്നു.

അതിനിടെ, മന്ത്രി എ കെ ശശീന്ദ്രന്റെ സാന്നിധ്യത്തിൽ കണ്ണൂരിൽ വനം ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ടു യോഗം പുരോഗമിക്കുകയാണ് വന്യമൃഗ ശല്യം തടയുന്നതിന് ആവശ്യമായ നടപടി സംബന്ധിച്ച് യോഗം തീരുമാനമെടുക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. കേളകം പഞ്ചായത്തിലെ വെണ്ടേക്കും ചാലിൽ കൃഷിയിടത്തിൽ വന്യജീവിയുടെ കാൽപ്പാടുകൾ കണ്ടെത്തിയതിനെ തുടർന്ന് വനവകുപ്പ് പരിശോധന നടത്തുന്നുണ്ട്.

✪✪✪

ഈ വർഷത്തെ ഹജ്ജിന് തിരഞ്ഞെടുക്കപ്പെട്ടവർക്കു രണ്ടാം ഘട്ട സാങ്കേതിക പരിശീലന ക്ലാസുകൾ അടുത്ത മാസം മൂന്ന് മുതൽ 25 വരെ നടത്താൻ കരിപ്പൂർ ഹജ്ജ് ഹൗസിൽ ചേർന്ന സംസ്ഥാന ഹജ്ജ് കമ്മിറ്റി യോഗം തീരുമാനിച്ചു. സസ്ഥാനതല ഉദ്ഘാടനം മന്ത്രി V. അബ്ദുറഹിമാൻ തിങ്കളാഴ്ച കരിപ്പൂർ ഹജ്ജ് ഹൗസിൽ നിർവ്വഹിക്കും. തുടർന്നു വരുന്ന ദിവസങ്ങളിൽ 14 ജില്ലകളിലും വിവിധ കേന്ദ്രങ്ങളിലായി രണ്ടാംഘട്ട പരിശീലന ക്ലാസ്സുകൾ നടക്കും.

കേരളത്തിൽ നിന്ന് ഇതുവരെ ഈ വർഷത്തെ ഹജ്ജിന് 15,481 പേർ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

✪✪✪

അവിശ്വാസ പ്രമേയത്തിലൂടെ LDFന് ഭരണം നഷ്ടമായ വയനാട് പനമരം പഞ്ചായത്ത് ഭരണം UDFന്. ഇടത് അംഗമായിരുന്ന ബെന്നി ചെറിയാൻ തൃണമൂൽ കോൺഗ്രസിൽ ചേരുകയും UDFന് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തതോടെയാണ് ഭരണമാറ്റം ഉണ്ടായത്. ഇന്ന് നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ UDF സ്ഥാനാർത്ഥി ലക്ഷ്മി ആലക്കമറ്റത്തെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

✪✪✪

ISL ഫുട്ബോളിൽ കേരളാ ബ്ലാസ്റ്റേഴ്സ് ഇന്ന് ചെന്നൈയിൻ FCയെ നേരിടും. പ്ലേ ഓഫ് സാധ്യത ലക്ഷ്യമിട്ടാണ് ഇരു ടീമുകളും കളത്തിലിറങ്ങുന്നത്. ചെന്നൈ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ വൈകിട്ട് 7.30നാണ് മത്സരം.

ഗോഹത്തിയിൽ ഇന്നലെ നടന്ന മത്സരത്തിൽ ഹൈദരാബാദ് FCയെ ഒന്നിനെതിരെ നാല് ഗോളുകൾക്ക് നോർത്ത് ഈസ്റ്റ് യുണൈറ്റഡ് പരാജയപ്പെടുത്തി.

✪✪✪

കോലാലംപൂരിൽ അണ്ടർ 19 വനിത ട്വന്റി 20 ലോകകപ്പ് സെമി ഫൈനൽ മത്സരങ്ങൾ നാളെ നടക്കും.

ആദ്യ സെമിയിൽ ഇന്ത്യൻ സമയം രാവിലെ എട്ടിന് ദക്ഷിണാഫ്രിക്ക ഓസ്ട്രേലിയയെ നേരിടും.

ഇന്ത്യൻ സമയം 12ന് ആരംഭിക്കുന്ന രണ്ടാം സെമിയിൽ നിലവിലെ ചാമ്പ്യന്മാരായ ഇന്ത്യ ഇംഗ്ലണ്ടിനെ നേരിടും.

ഞായറാഴ്ചയാണ് ഫൈനൽ.

✪✪✪

കോഴിക്കോട് കോർപറേഷൻ മുൻ കൗൺസിലറും മുസ്ലീം ലീഗ് ജില്ലാ വൈസ് പ്രസിഡന്റുമായ മൂഴിക്കൽ ചെറുവറ്റ P. ഇസ്മായിൽ അന്തരിച്ചു. അദ്ദേഹത്തിന് 73 വയസ്സായിരുന്നു. അദ്ധ്യാപകൻ ആയിരുന്ന അദ്ദേഹം കേരളാ സ്റ്റേറ്റ് മാപ്പിള സോങ് ലവേഴ്സ് അസോസിയേഷൻ ഭാരവാഹിയുമായിരുന്നു. ഖബറടക്കം വൈകിട്ട് നടക്കും.

✪✪✪

കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ട്രെയിനിനും പ്ലാറ്റ്ഫോമിനും ഇടയിൽ വീണ് യാത്രക്കാരൻ മരിച്ചു.

മഹാരാഷ്ട്ര നവി മുംബൈ സ്വദേശി ചവൻ ആണ് മരിച്ചത്. ഇന്നലെ രാത്രിയായിരുന്നു അപകടം. തിരുനെൽവേലി - ദാദർ എക്സ്പ്രസ് കണ്ണൂർ സ്റ്റേഷനിൽ നിർത്തിയപ്പോൾ പുറത്തിറങ്ങിയ ഇദ്ദേഹം ട്രെയിൻ പുറപ്പെടാൻ നേരത്ത് കയറുമ്പോൾ ആയിരുന്നു അപകടമുണ്ടായതെന്ന് റെയിൽവേ പോലീസ് അറിയിച്ചു.

✪✪✪

അടുത്തമാസം 24ന് നടക്കുന്ന 30 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറപ്പെടുവിച്ചു.

വയനാട് ഒഴികെ 13 ജില്ലകളിലായി ഒരു കോർപ്പറേഷൻ വാർഡ്, രണ്ട് ബ്ളോക്ക്പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

✪✪✪

*News Editor: ചന്ദ്രബാബു പി*
*Casual News Reader : സയ്യിദ് അലി ശിഹാബ്*
*News Reader: ഹക്കീം കൂട്ടായി*
*DEO : സുബോധ് സി കെ*